## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2015 ജൂലൈ 10, വെള്ളി

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി

കാർഷിക നയം

*271. ശ്രീ.സി.മോയിൻ കുട്ടി
,, കെ.മുഹമ്മദുണ്ണി ഹാജി
,, പി.ബി. അബ്ദുൾ റസാക്
,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ കാർഷിക നയത്തിൽ എന്തിനൊക്കെയാണ് പ്രാധാന്യം നൽകിയിട്ടുള്ളതെന്നും അതിനുള്ള കാരണങ്ങളെന്തെല്ലാമെന്നും വിശദമാക്കുമോ ;

(ബി) തുണ്ടുഭൂമികളിലും ഫലവൃക്ഷങ്ങൾക്കിടയിലും ഉപയുക്തമാക്കാവുന്ന സ്ത്രീ സൗഹൃദ ലഘുയന്ത്രങ്ങളുടെ നിർമ്മാണം , വിപണനം എന്നിവയ്ക്ക് കാർഷിക നയത്തിൽ നല്കിയിട്ടുള്ള പ്രാധാന്യം വിശദമാക്കുമോ ;

(സി) സോളാർ ,വായു അധിഷ്ഠിത കാർഷിക ഉപകരണങ്ങൾ കുറഞ്ഞ ചെലവിൽ കൃഷിക്കാർക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതു വിധത്തിലെന്ന് വ്യക്തമാക്കുമോ ?

പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

*272. ശ്രീ.കെ.വി.അബ്ദുൾ ഖാദർ
,, എം.എ.ബേബി
,, എം. ഹംസ
,, ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രവാസി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ നൽകി തുടങ്ങിയോയെന്നു വെളിപ്പെടുത്തുമോ ;

(സി) അഞ്ചു വർഷം പണമടച്ചവർക്ക് സാങ്കേതിക കാരണം പറഞ്ഞ് പെൻഷൻ നിഷേധിക്കുന്നതായ സ്ഥിതിവിശേഷം ബോർഡിൽ നിലനിൽക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ഡി) ക്ഷേമനിധിയിൽ നിലവിൽ എത്ര അംഗങ്ങളാണുള്ളത് എന്ന കണക്ക് ലഭ്യമാണോ ; ഇത് ആകെ പ്രവാസി മലയാളികളുടെ എണ്ണം കണക്കാക്കുമ്പോൾ ഇത് എത്രത്തോളം തൃപ്തികരമാണ് ?

<u>ജെൻഡർ പാർക്കുകൾ</u>

*273. ശ്രീ.ആർ . സെൽവരാജ്

,, ലൂഡി ലൂയിസ്

,, സണ്ണി ജോസഫ്

,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ പദ്ധതിയുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പാർക്കുകൾ മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;വിശദമാക്കുമോ;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>മുനിസിപ്പാലിറ്റികളിലെ വികസന പദ്ധതികൾ</u>

*274. ശ്രീ.വി.റ്റി.ബൽറാം

,, വി.ഡി.സതീശൻ

,, എ.റ്റി.ജോർജ്

,, ഡൊമിനിക് പ്രസന്റേഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികളിൽ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) കേന്ദ്ര സർക്കാരിന്റെ ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത വികസന പദ്ധതികൾ നടപ്പാക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഏത്ര തുകയുടെ വികസന പദ്ധതികളാണ് നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്ന നോഡൽ ഏജൻസി ഏതാണ്; വ്യക്തമാക്കുമോ?

## നീരയുടെ ഉല്പാദനവും വിപണനവും

*275. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

,, ഇ.പി.ജയരാജൻ

ശ്രീമതി.കെ.കെ.ലതിക

ശ്രീ.വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീരയുടെ ഉല്പാദനവും വിപണനവും ഏത് നിലയിൽ നടക്കുന്നുവെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) നീരയുടെ വിപണനം പൂർണ്ണതോതിൽ വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) കേര കർഷകർക്ക് ഏറെ ഗുണം ചെയ്യുമെന്ന് പ്രഖ്യാപിച്ച് നടപ്പാക്കപ്പെട്ട പദ്ധതിയുടെ ലക്ഷ്യം നിറവേറ്റപ്പെടാതെ പോകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നീര ഉല്പാദന യൂണിറ്റുകൾക്ക് ബജറ്റിൽ നീക്കിവെച്ച തുക പോലും വിതരണം ചെയ്യാത്തതിനാൽ അവ പ്രതിസന്ധിയിലായതിനെ സംബന്ധിച്ച് പരിശോധിക്കുമോ ?

## ഗ്ലോബൽ അഗ്രോ മീറ്റ്

*276. ശ്രീ.എ.റ്റി.ജോർജ്

,, കെ.ശിവദാസൻ നായർ

,, ഐ.സി.ബാലകൃഷ്ണൻ

,, വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്ലോബൽ അഗ്രോ മീറ്റ് നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്തത് എന്നറിയിക്കുമോ ;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് ഇതോടനുബന്ധിച്ച് സ്വീകരിച്ചിട്ടുള്ളത് ?

## ഹോർട്ടികോർപ്പിന്റെ പച്ചക്കറി വിൽപന

*277. ശ്രീ.കെ.സുരേഷ് കുറുപ്പ്

,, പി.കെ.ഗുരുദാസൻ

,, വി.ശിവൻകുട്ടി

,, എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി വിൽപന രംഗത്ത് ഹോർട്ടികോർപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) പൊതുവിപണിയിലെ വിലയേക്കാൾ കൂടിയ വിലയ്ക്കാണ് ഹോർട്ടികോർപ്പിന്റെ സഞ്ചരിക്കുന്ന വിൽപനകേന്ദ്രങ്ങൾ പച്ചക്കറി വിൽക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ സംഭവിക്കുന്നത് പച്ചക്കറി സംഭരണത്തിൽ കോർപ്പറേഷന് സംഭവിക്കുന്ന പിഴവുകളുടെ ഫലമായിട്ടാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) പൊതുവിപണിയെക്കാളും കുറഞ്ഞവിലയ്ക്ക് പച്ചക്കറി വിൽപന നടത്താൻ ഹോർട്ടികോർപ്പ് നടപടി സ്വീകരിക്കുമോ?

<u>കുട്ടനാട് പാക്കേജ്</u>

*278. ശ്രീ.ജി.എസ്.ജയലാൽ

,, സി.ദിവാകരൻ

,, പി.തിലോത്തമൻ

,, കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ കാലാവധി അവസാനിച്ചത് എന്നാണ്; കാലാവധി നീട്ടണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) പാക്കേജിന്റെ മൊത്തം അടങ്കൽ എത്രയായിരുന്നു; ഇതിൽ കേന്ദ്ര-സംസ്ഥാന അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പാക്കേജിനായി മൊത്തം ചെലവഴിച്ച തുക എത്ര; യഥാസമയം ചെലവഴിക്കാത്തതു മൂലം കേന്ദ്ര വിഹിതം നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) വിവിധ ഏജൻസികൾ നടപ്പാക്കിയ പദ്ധതികളിൽ ക്രമക്കേടുകൾ നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടിയെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ</u>

*279. ശ്രീ.ഹൈബി ഈഡൻ

,, എം.പി.വിൻസെൻറ്

,, ലൂഡി ലൂയിസ്

,, വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കുള്ള ധനസമാഹരണം എപ്രകാരമാണ് നടത്തുന്നതെന്ന് വിശദമാക്കുമോ?

## ഔവർ റസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ (ഒ.ആർ.സി )പദ്ധതി

*280. ശ്രീ.പി.ഉബൈദുള്ള

,, കെ.എൻ.എ.ഖാദർ

,, സി.മമ്മൂട്ടി

,, എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔവർ റസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ (ഒ.ആർ.സി )പദ്ധതി എല്ലാ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

## ആഗോള പ്രവാസി മലയാളി സംഗമം

*281. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വർക്കല കഹാർ

,, അൻവർ സാദത്ത്

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഗോള പ്രവാസി മലയാളി സംഗമം സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സംഗമത്തിൽ സംസ്ഥാനം എന്തെല്ലാം കാര്യങ്ങളാണ് അവതരിപ്പിച്ചിട്ടുള്ളത് ;

(സി) സംഗമത്തിൽ എന്തെല്ലാം വിഷയങ്ങളാണ് ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത് ;

(ഡി) പ്രസ്തുത ചർച്ചകളിന്മേൽ എന്തെല്ലാം തുടർനടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

## നഗര വികസന പദ്ധതികൾ

*282. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, പി.എ.മാധവൻ

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗര വികസന പദ്ധതികൾ ഊർജ്ജിതമായി നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ബി) ഏതെല്ലാം മേഖലയിലുള്ള പദ്ധതികളാണ് ഇങ്ങനെ കമ്മീഷൻ ചെയ്യപ്പെടുന്നത്; വിശദമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത്;

(ഡി) ഭരണതലത്തിൽ ഇതിനായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

## കൃഷി ഫാമുകളുടെ ശാക്തീകരണം

*283. ശ്രീ.കെ.ശിവദാസൻ നായർ

,, ജോസഫ് വാഴയ്ക്കൻ

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശാക്തീകരിക്കുവാൻ ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മ പദ്ധതികൾ വിശദമാക്കുമോ ;

(ബി) ഇതിനായി ഫാമുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ശാക്തീകരണത്തിന്റെ ഭാഗമായി സൗന്ദര്യവൽക്കരണത്തിലും പ്രവർത്തനത്തിലും ഫാമുകൾ തമ്മിൽ മത്സരം ഉണ്ടാക്കിയെടുക്കുവാൻ സമ്മാന പദ്ധതി ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

## സെപ്റ്റിക് ടാങ്കുകളിലെ മാലിന്യം

*284. ശ്രീ.എസ്.ശർമ്മ

,, എ. പ്രദീപ്കുമാർ

,, ബി.സത്യൻ

,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെപ്റ്റിക് ടാങ്കുകളിൽ നിന്നുള്ള മാലിന്യം ജലാശയങ്ങളിലേയ്ക്ക് ഒഴുക്കുന്നതുമൂലം ഉണ്ടാകുന്ന മാലിന്യപ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരം കണ്ടെത്തുന്നതിനായി സർക്കാർ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ;

(സി) തെരഞ്ഞെടുക്കപ്പെട്ട ജില്ലയിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതാണെന്ന 2012-13 ലെ ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടുവോ;

(ഡി) ഇതിലേക്കായി ശുചിത്വ മിഷൻ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ?

## സമാശ്വാസം പദ്ധതി

*285. ശ്രീ.വി.ശിവൻകുട്ടി

,, പി.ടി.എ. റഹീം

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും

വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസം പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരായവർക്ക് ധനസഹായം നല്കുന്നതിന് ഈ വർഷം എന്ത് തുക നീക്കിവെച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹരായ എല്ലാവർക്കും ധനസഹായം വിതരണം ചെയ്യുന്നതിന് നീക്കി വെച്ച തുക പര്യാപ്തമാണോ എന്നറിയിക്കാമോ ?

## കർഷക ആത്മഹത്യ

*286. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

,, കെ.കെ.ജയചന്ദ്രൻ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കർഷക ആത്മഹത്യ നടന്നതായി അറിയാമോ;

(ബി) കാർഷികോൽപന്ന വിലയിടിവ് എന്ന പ്രതിസന്ധി കർഷകർ ഇപ്പോഴും നേരിടുന്നുണ്ടോയെന്ന കാര്യം വ്യക്തമാക്കാമോ;

(സി) ഈ പ്രതിസന്ധി തരണം ചെയ്യാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടികളുടെ ഫലമായി പ്രതിസന്ധിക്ക് എന്തെങ്കിലും കുറവു വന്നിട്ടുണ്ടോ;

## ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീട്ടുകൾക്ക് കരം ഇളവ്

*287. ശ്രീ.പി.സി വിഷ്ണുനാഥ്

,, ഷാഫി പറമ്പിൽ

,, എം.പി.വിൻസെൻറ്

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീട്ടുകൾക്ക് കരം ഇളവ് അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഇളവ് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത ഇളവ് അനുവദിക്കുന്നത് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് എത്രത്തോളം സഹായകരമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്?

## നെൽ വയലുകളുടെ വിസ്തൃതി

*288. ശ്രീ.എം.ഉമ്മർ

,, അബ്ദുറഹിമാൻ രണ്ടത്താണി

,, പി.കെ.ബഷീർ

,, എൻ. ഷംസുദ്ദീൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി ക്രമാനുഗതമായി കുറഞ്ഞു വരുന്നതായി കണക്കുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) പ്രധാന നെല്ലുൽപാദന കേന്ദ്രങ്ങളിൽ കൃഷിഭൂമി തരിശിടുന്നതിന്റേയും മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന്റേയും കാരണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ ;

(സി) ചെലവേറിയ ജൈവകൃഷിയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് ചെലവുമായി തരതമ്യപ്പെടുത്തി കർഷകന് വില ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

<u>ബാലവേല നിയമത്തിലെ ഭേദഗതി</u>

*289. ശ്രീ.എളമരം കരീം

,, എം.എ.ബേബി

,, കെ.രാധാകൃഷ്ണൻ

,, പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലവേല നിയമത്തിൽ ഭേദഗതി വരുത്തിയ കേന്ദ്രസർക്കാർ നടപടി സംബന്ധിച്ച നിലപാടറിയിക്കാമോ ;

(ബി) പ്രസ്തുത നിയമഭേദഗതി വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടാനുള്ള സാദ്ധ്യത വിലയിരുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുമോ ;

(ഡി) നിലവിൽ സംസ്ഥാനത്ത് ബാലവേല പൂർണ്ണമായി തടയുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ; അവ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

<u>പ്ലാസ്റ്റിക് മാലിന്യ റീസൈക്ലിംഗ്</u>

*290. ശ്രീ.റ്റി.എ.അഹമ്മദ് കബീർ

,, വി.എം.ഉമ്മർ മാസ്റ്റർ

,, കെ.എൻ.എ.ഖാദർ

,, സി.മമ്മൂട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് മാലിന്യ ശേഖരണം, റീ സൈക്ലിംഗ് എന്നീ കാര്യങ്ങളിൽ നഗരസഭകൾക്ക് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായി എന്നതിന്റെ വിശദവിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന ശുചിത്വ മിഷൻ എന്തൊക്കെ നിർദ്ദേശങ്ങളും, സഹായങ്ങളും തദ്ദേശ സ്ഥാപനങ്ങൾക്കു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്ലാസ്റ്റിക് മാലിന്യ റീസൈക്ലിംഗ്, പുനരുപയോഗ സാധ്യത എന്നീ കാര്യങ്ങളിൽ വിശദമായി പഠനം നടത്തി, എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്താൽ ഈ വിപത്തിന് പരിഹാരം കാണാൻ നിർദ്ദേശം നൽകുമോ ?

<u>കുട്ടനാട് പാക്കേജ് നടത്തിപ്പ്</u>

*291. ശ്രീ.ജി.സുധാകരൻ

,, എ.എം. ആരിഫ്

,, സി.കെ സദാശിവൻ

,, ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവധി അവസാനിച്ച കുട്ടനാട് പാക്കേജിന്റെ ഇനിയുള്ള നടത്തിപ്പ് എങ്ങനെ എന്നത് സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) കുട്ടനാട് പാക്കേജിനായി കേന്ദ്രം വാഗ്ദാനം ചെയ്തതും ലഭ്യമാക്കിയതും സംസ്ഥാനം ചെലവഴിച്ചതുമായ ഫണ്ട് സംബന്ധിച്ച് വിശദമാക്കാമോ;

(സി) കുട്ടനാട് പാക്കേജ് നടത്തിപ്പിലെ വീഴ്ചകൊണ്ട് കേരളത്തിന് കേന്ദ്ര വിഹിതം നഷ്ടമായി എന്ന ആരോപണം സംബന്ധിച്ച് വ്യക്തമാക്കാമോ ;

(ഡി) ഇനിയുള്ള പദ്ധതിച്ചെലവ് സംസ്ഥാനം വഹിക്കണമെന്ന കേന്ദ്ര നിർദ്ദേശം ഉണ്ടായിട്ടുണ്ടോയെന്നും, എങ്കിൽ എന്ത് തീരുമാനം കൈക്കൊള്ളുമെന്നും വ്യക്തമാക്കാമോ ?

<u>ജൈവകൃഷി വ്യാപനം</u>

*292. ശ്രീമതി.കെ.എസ്.സലീഖ

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.എ. പ്രദീപ്കുമാർ

,, ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ജൈവകൃഷി വ്യാപനത്തിന് എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ;

(ബി) സർക്കാർ നടപടികളിലൂടെ ജൈവകൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) ജൈവകൃഷി ജനകീയമാക്കുന്നതിന് സിപിഐ(എം) മുൻകൈയെടുത്ത് രൂപം നൽകിയ

പദ്ധതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ നിലവിലുള്ള ജൈവകൃഷി വ്യാപന പദ്ധതിയിൽ ഇത്തരം ജനകീയ ഇടപെടലുകളെ കൂടി ഉൾപ്പെടുത്താൻ മുൻകൈയെടുക്കുമോ?

## ഫ്ലക്സ്ബോർഡ് നിരോധനം

T *293. ശ്രീ.സി.കൃഷ്ണൻ

,, കെ.കുഞ്ഞിരാമൻ **(ഉദുമ)**

,, ബി.ഡി. ദേവസ്സി

,, എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ചടങ്ങുകളിലും പരസ്യങ്ങളിലും ഫ്ലക്സ് ബോർഡുകൾ പൂർണ്ണമായും നിരോധിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; പ്രസ്തുത തീരുമാനം നടപ്പിലാക്കുകയുണ്ടായോ ;

(ബി) മന്ത്രിസഭാ ഉപസമിതിയുടെ ഇത് സംബന്ധിച്ച പ്രധാന ശിപാർശകൾ എന്തെല്ലാമായിരുന്നു ; പ്രസ്തുത സമിതിയിലെ അംഗങ്ങളും മുഖ്യമന്ത്രിയും പങ്കെടുത്ത സർക്കാർ പരിപാടികളിൽ,ഫ്ലക്സ് ബോർഡുകൾ സർക്കാർ ചെലവിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതിനെക്കുറിച്ചറിയാമോ ;

(സി) പ്രസ്തുത തീരുമാനം നടപ്പിലാക്കുവാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ ?

## ഗ്രാമീണ റോഡ് വികസനം

*294. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, ടി.എൻ. പ്രതാപൻ

,, അൻവർ സാദത്ത്

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡ് വികസനത്തിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വികസനത്തിന് വേണ്ടി പ്രയോജനപ്പെടുത്തിയ കേന്ദ്ര പദ്ധതികൾ വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഈ രംഗത്ത് പുരോഗതി കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

## സമഗ്ര നാളികേര വികസന പദ്ധതി

*295. ശ്രീ.കെ.മുരളീധരൻ

,, പി.സി വിഷ്ണുനാഥ്

,, സണ്ണി ജോസഫ്

,, തേറമ്പിൽ രാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും

അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നവർ ആരെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) എത്ര ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

<u>പദ്ധതി നിർവ്വഹണത്തിലെ പരിഷ്കാരങ്ങൾ</u>

*296. ശ്രീ.കോടിയേരി ബാലകൃഷ്ണൻ
ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.കെ.വി.വിജയദാസ്
,, എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൊത്തം പദ്ധതി അടങ്കൽ തുയുടെ 57.01% മാത്രമാണ് 2013-14ലും, 47.32% മാത്രമാണ് 2012-13ലും ചെലവഴിച്ചതെന്ന സംസ്ഥാന ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകനം 2014 രേഖപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പദ്ധതിച്ചെലവ് ഇത്ര കണ്ട് കുറയുവാനുള്ള സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഈ സർക്കാർ കൊണ്ടുവന്ന പരിഷ്കാരങ്ങൾ പരാജയപ്പെട്ടുവെന്ന് കരുതുന്നുണ്ടോ:

(ഡി) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പദ്ധതിവിനിയോഗത്തെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ആശ്രയ പദ്ധതി</u>

*297. ശ്രീ.ബെന്നി ബെഹനാൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്രയ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;എങ്കിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏന്തെല്ലാം സഹായങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

## നഗരസഭാ പ്രദേശങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ

*298. ശ്രീ.വർക്കല കഹാർ

,, കെ.അച്ചുതൻ

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ പ്രദേശങ്ങളിലെ ഗുരുതരമല്ലാത്ത അനധികൃത നിർമ്മാണങ്ങൾ പിഴ ഈടാക്കി ക്രമവത്കരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) എന്തെല്ലാം നിബന്ധനകൾക്ക് വിധേയമായാണ് അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) നഗരങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ നടത്താതിരിക്കാൻ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

## സൈബർ ദർശൻ പദ്ധതി

*299. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, ബെന്നി ബെഹനാൻ

,, കെ.മുരളീധരൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി-ഡിറ്റ്, സൈബർ ദർശൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) സൈബർ സുരക്ഷാ ബോധവൽക്കരണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ?

## അംഗൻവാടികളുടെ ശോച്യാവസ്ഥ

*300. ഡോ.കെ.ടി.ജലീൽ

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.സി.കൃഷ്ണൻ

,, വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം കാര്യങ്ങൾ ചെയ്തു എന്ന് വിശദമാക്കാമോ ;

(ബി) സുരക്ഷിതമല്ലാത്ത വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംഗൻവാടികൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ഡി) നിർമ്മാണം കഴിഞ്ഞിട്ടും അംഗൻവാടികൾക്കായി കൈമാറാത്ത കെട്ടിടങ്ങൾ അവശേഷിക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
null

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.